**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 317** **08-08-2023 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റം തടയുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിലക്കയറ്റം തടയുന്നതിന് മാതൃകാപരമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | സർക്കാരിന്റെ വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സ്ഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി എല്ലാ റേഷൻ കാർഡുടമകൾക്കും വിൽപ്പന നടത്തിവരുന്നുണ്ട്. ഈ സാധനങ്ങളുടെ വിൽപ്പന വില വർദ്ധിപ്പിക്കുകയില്ല എന്ന സർക്കാർ നയത്തിനനുസൃതമായി 2016 മെയ് മാസം മുതൽ ഈ 13 ഇനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. ഈ സർക്കാരും ഇതേ നയം തുടർന്നു വരുന്നു. പൊതു വിപണിയേക്കാൾ 28 മുതൽ 74 ശതമാനം വരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തുന്നത്. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽ നിന്നും വാങ്ങുന്നതിന് ശരാശരി 1383/- രൂപ നൽകേണ്ടി വരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തുന്നുണ്ട്.<br><br>സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു.<br><br>ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' |

ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു.

ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടി മൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നുണ്ട്.

ഇതിനുപുറമെ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി.

അരിവിലയിൽ കാര്യമായ വർദ്ധനവുണ്ടായ അടിയന്തിര സാഹചര്യത്തിൽ സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരി വണ്ടി' എന്ന പേരിൽ എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞു.

എൻ.എഫ്.എസ്.എ നിയമ പ്രകാരമുള്ള ടാർജറ്റ് പബ്ലിക്ക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റു വകുപ്പ

| | | | |
|---|---|---|---|
| | | | മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം ചേരുകയും വില വർദ്ധനവ് പിടിച്ചു നിർത്തുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കുകയും ചെയ്തു. ഈ യോഗത്തിന്റെ തുടർച്ചയായി ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സംസ്ഥാനത്തെ മൊത്ത വ്യാപാരി പ്രതിനിധികളെ വിളിച്ചു ചേർക്കുകയും കരിഞ്ചന്ത- പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നല്കുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്.<br><br>ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് വിലവിവരപട്ടിക പ്രദർശിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ നടത്തുകയും വിലവിവരം പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്ത് ആകെ 2612 പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ